# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3134    10.12.2018 ൽ മറുപടിക്ക്**

### ബാലരാമപുരം-കളിയിക്കാവിള ഹൈവേ വീതികൂട്ടുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ആൻസലൻ** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ബാലരാമപുരം-കളിയിക്കാവിള ഹൈവേ വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | എ) കരമന - കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കൊടിനട - വഴിമുക്ക് ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ബാലരാമപുരം ജംഗ്ഷനിൽ അടിപ്പാത / മേൽപ്പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. വഴിമുക്ക് - കളിയിക്കാവിള ഭാഗത്തെ കരട് അലൈൻമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) എത്ര മീറ്റർ വീതിയിൽ ആണ് ഹൈവേ പണിയുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പാതയിൽ എത്ര ജംഗ്ഷൻ ഹെഡുകൾ കാണുമെന്ന് വ്യക്തമാക്കാമോ ; | ബി) 30.2 മീറ്റർ വീതിയിൽ പ്രസ്തുത അലൈൻമെന്റ് അംഗീകാരം ലഭിച്ചാൽ മാത്രമേ എത്ര ജംഗ്ഷൻ ഹെഡുകൾ ഉണ്ട് എന്ന് പറയാൻ സാധിക്കൂ. |
| സി) 2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമോയെന്ന് വിശദീകരിക്കാമോ? | സി) കൊടിനട - വഴിമുക്ക് ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ 2019-20 ൽ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വഴിമുക്ക് - കളിയിക്കാവിള ഭാഗത്തെ അലൈൻമെന്റും അംഗീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ